# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 10**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## സംസാരിക്കുന്ന ദൈവത്തെ നിശബ്ദതയിൽ ശ്രവിക്കുക

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദീകരേ, സഹോദരീസഹോദരന്മാരേ,

സുവിശേഷം ആരംഭിക്കുന്നത് സംസാരിക്കുന്ന ദൈവത്തെ വെളിപ്പെടുത്തികൊ ാണ്. ദൈവസ്വരം ശ്രവിക്കുന്നവരായി കന്യാമറിയത്തെയും മാർ യൗസേപ്പിനേയും ഏലിശായേയും സഖറിയായേയും ആട്ടിടയരേയുമൊക്കെ സുവിശേഷകന്മാർ അവതരിപ്പിക്കുന്നു. എന്നാൽ മാർ യൗസേപ്പിന് ഒരു വ്യത്യസ്ഥതയു ്. ദൈവസ്വരം ശ്രവിച്ചതിനുശേഷം അദ്ദേഹം തീരുമാനം മാറ്റുന്നു. ന്യായമാണെന്നു തനിക്കുതോന്നുന്ന കാരണത്താൽ ഭാര്യയെ ഉപേക്ഷിക്കുവാൻ തീരുമാനമെടുത്തയാൾ, അവളെ സ്വീകരിക്കണമെന്നതാണ് ദൈവഹിതമെന്ന തിരിച്ചറിവിൽ, ആലോചിച്ചുറപ്പിച്ച തീരുമാനം മാറ്റുന്നു.

ഇംഗ്ല ് ആന്റ് വെയിൽസിലെ കത്തോലിക്കാ സഭ ഈ വർഷം, സംസാരിക്കുന്ന ദൈവത്തെയാണ് ധ്യാനവിഷയമാക്കാൻ ആഹ്വാനം ചെയ്തിരിക്കുന്നത്. സംസാരിക്കുന്ന ദൈവത്തിന് ഹൃദയപരമാർത്ഥതയോടെ വിധേയപ്പെട്ട മാർ യൗസേപ്പിനെ മാതൃകയാക്കുവാൻ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ ദൈവമക്കളെ ഈ നോമ്പുകാലത്ത് ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. സ്വകാര്യതയിലെ നിശബ്ദതയിലാണ് മാർ യൗസേപ്പ് സംസാരിക്കുന്ന ദൈവത്തെ ശ്രവിക്കുന്നതും അതനുസരിച്ച് ജീവിതത്തെ പുനക്രമീകരിക്കുന്നതും. ഈ ലോകത്തിന്റെ സംസാരങ്ങളിൽ വ്യാപൃതരാകുമ്പോൾ ദൈവസ്വരം ശ്രവിക്കാനുള്ള ശേഷി നമുക്ക് നഷ്ടമാകാം (യോഹ 12:28). നിശബ്ദതയുടെ നോമ്പ് നോറ്റ് ദൈവഹിതപ്രകാരം തീരുമാനമെടുക്കുന്നവരായി മാറാൻ നമുക്ക് കഴിയട്ടെ. നാവിനെ നിയന്ത്രിക്കുന്നവൻ ശരീരത്തെ മുഴുവൻ നിയന്ത്രിക്കുന്നു (യാക്കോ 3:10) എന്ന ദൈവവചനവും നമുക്ക് പ്രത്യേക ധ്യാനവിഷയമാക്കാം.

കേട്ട വചനം ജീവിക്കുമ്പോഴാണ് യഥാർത്ഥ സുവിശേഷ പ്രഘോഷണം നടക്കുന്നത്. എപ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമുള്ളപ്പോൾ മാത്രം വാക്കു

കൾ ഉപയോഗിക്കുക എന്ന വിശുദ്ധ ഫ്രാൻസീസ് അസീസ്സിയുടെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം.

സുവിശേഷം യൗസേപ്പിതാവിനെ നീതിമാനെന്നു വിളിക്കുന്നു. നീതിമാർഗ്ഗം ദുർമാർഗ്ഗത്തിന് നേർവിപരീതമാണ്. അങ്ങയുടെ വചനം പാലിക്കുവാൻ ഞാൻ സകല ദുർമാർഗ്ഗങ്ങളിൽനിന്നും എന്റെ പാദങ്ങൾ പിൻവലിക്കുന്നു (സങ്കീ 119:101). വചനശ്രവണമാണ് നീതിമാർഗ്ഗത്തിന്റെ പ്രകടമായ അടയാളമെന്നതിന്റെ നേർസാക്ഷ്യമാണ് മാർ യൗസേപ്പ്. സംസാരിച്ചുകൊ ിരിക്കുന്നവനെ നിരസിക്കാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ. ഭൂമിയിൽ തങ്ങൾക്കു മുന്നറിയിപ്പു നൽകിയവനെ നിരസിച്ചവർ രക്ഷപെട്ടില്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് നമ്മോട് സംസാരിച്ചവനെ നാം തിരസ്കരിച്ചാൽ രക്ഷപെടുക കൂടുതൽ പ്രയാസമാണ് (ഹെബ്രാ 12:25) എന്ന വചനം, ദൈവസ്വരം ശ്രവിച്ച് അനുസരിക്കേ തിന്റെ ഗൗരവത്തെ ഓർമ്മിപ്പിക്കുന്നു.

നിങ്ങൾ യൗസേപ്പിന്റെ അടുക്കൽ ചെല്ലുവിൻ (ഉൽ 41:55) എന്ന് പൂർവയൗസേപ്പിനേ പറ്റി ഫറവോ പറഞ്ഞത് ഇന്ന് യൗസേപ്പിതാവിനെപ്പറ്റി ദൈവം നമ്മോടും പറയുന്നു. പൂർവ്വ യൗസേപ്പ് ഭൗതികസമ്പത്തിന്റെ കാവൽക്കാരനും വിതരണക്കാരനുമായിരുന്നെങ്കിൽ യൗസേപ്പിതാവ് സ്വർഗ്ഗീയ നിക്ഷേപത്തിന്റെ കാവൽക്കാരനാണ്. തിരുസഭയുടെ രക്ഷകർത്താവാണ്. പാപത്തിന്റെയും ശാപത്തിന്റെയും കളങ്കമില്ലാത്ത അനന്തമായ അനുഗ്രഹമായി ഈശോയേയും ഈശോയുടെ അമ്മയേയും ദൈവം ഭൂമിക്ക് സമ്മാനിച്ചപ്പോൾ ആ നിധി ശേഖരത്തിന്റെ സൂക്ഷിപ്പുകാരനാകാനുള്ള പവിത്രനിയോഗമാണ് മാർ യൗസേപ്പിന് നല്കിയത്. നമുക്ക് എന്തൊക്കെ കുറവുകളു ാ അത് പരിഹരിക്കുവാൻ നമുക്ക് യൗസേപ്പിതാവിന്റെ പക്കൽ പോകാം. ദൈവികസമ്പത്തിന്റെ അളവില്ലാത്ത കലവറ യൗസേപ്പിതാവ് നമുക്കായി തുറന്നു തരും.

നമ്മുടെ പരിശുദ്ധ കുർബാന, യാമപ്രാർത്ഥന, പരിശുദ്ധ കുർബാനയുടെ ആരാധന, പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല, കരുണ കൊന്ത, കുരിശിന്റെ വഴി എന്നിവയോടൊപ്പം എത്രയും ദയയുള്ള മാതാവേ, ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, മുഖ്യദൂതനായ വിശുദ്ധ മിഖായേലേ എന്നീ പ്രാർത്ഥനകൾ ആവർത്തിച്ച് ചൊല്ലുന്നത് നമ്മുടെ ആത്മീയ വളർച്ചയെ സഹായിക്കും. എല്ലാവരും കൂടുതലായി വിശുദ്ധ ഗ്രന്ഥം വായിക്കുകയും ഓരോ ദിവസവും ഒരു വചനം തിരഞ്ഞെടുക്കുകയും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്തുകൊ ് ഈ നോമ്പുകാലം നാവിന്റെ നോമ്പായി ആചരിക്കാം. ഏവർക്കും അനുഗ്രഹപ്രദമായ ഒരു നോമ്പുകാലം ആശംസിച്ചുകൊ ് നിങ്ങളേവരേയും ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉ ായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 22/02/2020

----------------------------------------------------------------------------------------------------------

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2020 മാർച്ച് 2 ന് മുമ്പ് വായിക്കേ താണ്.